"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോട്ടയം നഗരസഭയുടെ ഭാഗമായ മുൻ നാട്ടകം ഗ്രാമപഞ്ചായത്തിൽ ആയ ആയി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി. കെ. മോളമ്മയെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി ക്രമവൽക്കരിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1899/2020/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 14/10/2020**

---

പരാമർശം:- 1 സ.ഉ(എം.എസ്) നം. 83/2010/തസ്വഭവ, തീയതി 03.05.2010,

2 സ.ഉ(എം.എസ്) നം. 170/2010/തസ്വഭവ, തീയതി 06.08.2010

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03/12/2019 ലെ ഒ.എ 2221/2019 നം. ഉത്തരവ്.

4 സ.ഉ(കൈ) നം. 36/2019/തസ്വഭവ തീയതി 13/3/2019

5 പഞ്ചായത്ത് ഡയറക്ടറുടെ 24.6.2020ലെ PAN/14906/2019-E9(DP) നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം നഗരസഭയോട് കൂട്ടിച്ചേർത്ത മുൻ നാട്ടകം ഗ്രാമപഞ്ചായത്തിലെ നഴ്സറി സ്കൂളിൽ 'ആയ' ആയി ജോലി ചെയ്തിരുന്ന ശ്രീമതി. മോളമ്മ. കെ ടിയാരിയെ സ്ഥിരപ്പെടുത്തുന്നതിലേക്കായി ഫയൽ ചെയ്തിരുന്ന ഒ.എ 2221/2019 നം. ഹർജിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

".......In view of the facts noted above, the Orginal Application is disposed of directing the 1st respondent to consider and pass approoriate orders on Annexure MA1 representation, in accordance with law and within a period of two months from the date of receipt of a certified copy of this order. The 1st respondent, while considering Annexure MA1, will take note of the orders issued as per Annexure A3 and A4, as well as the claim of the applicant for revised wages from 16.07.2010 to 30.09.2016 and appropriate orders will be issued. In order to enable the 1st respondent to pass appropriate orders, the applicant will forward a copy of this Original Application with Annexures, along with the certified copy of this order."

ശ്രീമതി. മോളമ്മ സമർപ്പിച്ച 23.11.2019 ലെ നിവേദനമാണ് അനക്സർ MA1. ശ്രീമതി. മോളമ്മ നാട്ടകം ഗ്രാമപഞ്ചായത്തിലെ ബാലവാടിയിൽ ദിവസവേതനത്തിൽ 'ആയ' ആയി 22.10.2000 ൽ നിയമിതയായിയെന്നും കുട്ടികൾ കുറഞ്ഞതിനെത്തുടർന്ന് 30.06.2009 ൽ ടി ബാലവാടി അടച്ചുപൂട്ടിയതിനെ തുടർന്ന് ടിയാളെ പ്രിയദർശിനി ബാലവാടിയിൽ പാർട്ട് ടൈം സ്വീപ്പറായി 01.07.2009 മുതൽ നിയമിക്കുകയും 16.07.2010 മുതൽ ടി ബാലവാടിയിൽ ടിയാരിയെ പാർട്ട് ടൈം ആയ ആയി പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം നിയമിക്കുകയും ചെയ്തു. അതിനുശേഷം നാട്ടകം ഗ്രാമപഞ്ചായത്ത് കോട്ടയം നഗരസഭയിൽ ലയിപ്പിച്ചതിന് തുടർന്ന് പരാമർശം (1) ,(2) ഉത്തരവുകൾ പ്രകാരം ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി 03/05/2010

പ്രാബല്യത്തിൽ ക്രമവൽക്കരിച്ചതായും പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ ശ്രീമതി. മോളമ്മയേയും ഉൾപ്പെടുത്താൻ ടിയാരി നിവേദനങ്ങൾ കൊടുത്തിരുന്നു. അതേസമയം ടിയാരി പ്രീയദർശിനി ബാലവാടിയിൽ റഗുലർ പാർട്ട് ടൈം ആയ ആയി 16.7.2010 മുതൽ 30.09.2016 വരെ ജോലി ചെയ്തതായും എന്നാൽ ഇക്കാലയളവിലെ വേതനം നൽകിയിട്ടില്ലെന്നും കോട്ടയം മുൻസിപ്പാലിറ്റി ടിയാരിയെ ക്രമവൽക്കരിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെട്ടുവാൻ തീരുമാനിച്ചിരുന്നുവെന്നും സമാനമായി നഴ്സറി ടീച്ചറായി ജോലി ചെയ്തിരുന്ന ശ്രീമതി. സോമിനി ഷിബു ഫയൽ ചെയ്തിരുന്ന WP(C) 31784/2010 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി നിയമിച്ചുവെന്നും ടി സാഹചര്യത്തിൽ ശ്രീമതി. മോളമ്മ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 2221/2019 നം. ഹർജിയിൽ തദ്ദേശസ്വയഭരണ വകുപ്പ് സെക്രട്ടറിക്ക് നിവേദനം നൽകാൻ ബഹു. ട്രൈബ്യൂണൽ നിർദേശിച്ചതായും ആയതിനാൽ ടിയാരിയെ 16.07.2010 മുതൽ പ്രാബല്യത്തിൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി ക്രമവൽക്കരിക്കുവാനും 16.07.2010 മുതൽ 30.09.2016 വരെയുള്ള വേതനം നൽകണമെന്നും അനക്സർ MA1 നിവേദനത്തിൽ ശ്രീമതി. മോളമ്മ അപേക്ഷിച്ചു.

കോട്ടയം നഗരസഭയോട് 01/11/2010 ൽ കൂട്ടിച്ചേർത്ത മുൻ നാട്ടകം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22/12/2000 ലെ 10-ാം നമ്പർ തീരുമാന പ്രകാരം മറിയപ്പള്ളി നഴ്സറി സ്കൂളിൽ ആയ തസ്തികയിൽ ശ്രീമതി. മോളമ്മ ജോലി ചെയ്തിരുന്നു. എന്നാൽ ടി നഴ്സറി സ്കൂളിൽ കുട്ടികൾ കുറഞ്ഞത് കാരണം 30.06.2009 സ്കൂളിന്റെ പ്രവർത്തനം നിർത്തലാക്കിയതിനെ തുടർന്ന് 01/07/2009 മുതൽ നാട്ടകം ഗ്രാമപഞ്ചായത്തിൽ ഹെൽപ്പ് ഡെസ്കായും പിന്നീട് താൽക്കാലിക വ്യവസ്ഥയിൽ പാർട്ട് ടൈം സ്വീപ്പറായും സേവനം അനുഷ്ഠിച്ചിരുന്നു. ഇപ്രകാരം ജോലി ചെയ്തിരുന്ന ശ്രീമതി. മോളമ്മയെ ടി ഗ്രാമപഞ്ചായത്തിൽ പതിനൊന്നിന പരിപാടി പ്രകാരമുള്ള ചിങ്ങവനം പ്രീയദർശിനി നഴ്സറി സ്കൂളിലെ ഒഴിവുള്ള ആയ തസ്തികയിലേക്ക് നിയമനം നൽകി പഞ്ചായത്ത് ഭരണസമിതി 22/6/2010 ലെ 13-ാം നമ്പറായി തീരുമാനം കൈക്കൊണ്ടിരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഇതേ ബാലവാടിയിൽ ടീച്ചറായി നിയമിച്ച ശ്രീമതി. സോമിനി ഷിബുവിനേയും ആയ ആയി നിയമിച്ച ശ്രീമതി. മോളമ്മയുടേയും നിയമനം ക്രമവൽക്കരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ച് പഞ്ചായത്ത് ഭരണസമിതി 20/9/2010 ലെ 2(4) നമ്പറായി തീരുമാനം കൈക്കൊണ്ടിരുന്നു. നഴ്സറി ടീച്ചറായി നിയമിച്ച ശ്രീമതി. സോമിനി ഷിബു ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) 31784/10 നമ്പർ ഹർജിയിൻമേൽ 3/4/2013 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ചെമ്പ്, പള്ളിക്കത്തോട് എന്നീ ഗ്രാമപഞ്ചായത്തുകളിലേതിലെങ്കിലും പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ നിയമിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി പരാമർശം (4) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ടി പഞ്ചായത്തുകളിൽ ഒഴിവുള്ള പാർട്ട് ടൈം തസ്തികയിൽ എംപ്ലോയമെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുള്ളതിനാൽ കോട്ടയം നഗരസഭയോട് ചേർന്ന സ്ഥിതി ചെയ്യുന്ന പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ശ്രീമതി. സോമിനി ഷിബുവിന് പഞ്ചായത്ത് ഡയറക്ടർ നിയമനം നൽകിയിട്ടുള്ളതായും പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനൊന്നിന പരിപാടി മുഖേന ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിതമായ സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻമാർ, ശിശുമന്ദിരങ്ങളിലെ നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവരിൽ 31.12.2000 തീയതിക്കോ അതിനു മുൻപോ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി ചെയ്തിരുന്നവരുമായ ജീവനക്കാരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി ക്രമവൽക്കരിച്ച പരാമർശം (1) ,(2) എന്നീ ഉത്തരവുകളാണ് അനക്സർ എ3, എ4 എന്നിവ. 1997 മുതൽ പതിനൊന്നിന പരിപാടി പ്രകാരം നഴ്സറി ടീച്ചറായി ജോലി ചെയ്തു വന്നതിനാൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായി പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയ മറ്റ് നഴ്സറി ടീച്ചർമാരെപ്പോലെ സ്ഥിരപ്പെടുത്തലിന് അർഹതയുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് ശ്രീമതി. സോമിനി ഷിബുവിന് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി പരാമർ ശം (4) ഉത്തരവ്

പുറപ്പെടുവിച്ചിരുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി. മോളമ്മ 31.12.2000 ന് മുമ്പ് പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജീവനക്കാരിയല്ല. പതിനൊന്നിന പരിപാടി പ്രകാരമുള്ള ചിങ്ങവനം പ്രിയദർശിനി നഴ്സറി സ്കൂളിലെ ഒഴിവുള്ള ആയ തസ്തികയിലേക്ക് ടിയാരിക്ക് നിയമനം നൽകി പഞ്ചായത്ത് ഭരണസമിതി 13-ാം നമ്പറായി തീരുമാനം കൈക്കൊണ്ടിട്ടുള്ളത് 22/6/2010 ലാണ്. ആയതിനാൽ അനക്സർ എ3 , എ4 എന്നീ ഉത്തരവുകളുടെ ആനുകൂല്യം ശ്രീമതി. മോളമ്മയ്ക്ക് ലഭിക്കുകയില്ല. 31.12.2000 ന് ശേഷം സേവനത്തിൽ പ്രവേശിച്ച പതിനൊന്നിന പരിപാടിയിലെ ഓണറേറിയം ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. ആയതിനാൽ 31.12.2000 ന് ശേഷം സേവനത്തിൽ പ്രവേശിച്ച പതിനൊന്നിന പരിപാടിയിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ വന്നാൽ മാത്രമെ പരാതിക്കാരിയേയും ആയതിലേക്ക് പരിഗണിക്കാൻ സാധിക്കുകയുള്ളു. അല്ലാത്തപക്ഷം പഞ്ചായത്തുകളിൽ ജോലി ചെയ്ത് വരുന്ന നിരവധി പേർ സമാന ആവശ്യവുമായി സർക്കാരിനെ സമീപിക്കുവാനും ആയത് സീനിയോറിറ്റിയെ ബാധിക്കുവാനും ഇടയാകുന്നതാണ്.

മേൽ സാഹചര്യങ്ങളിൽ 16.07.2010 മുതൽ പ്രാബല്യത്തിൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി ക്രമവൽക്കരിക്കണമെന്ന ശ്രീമതി. മോളമ്മ. കെ യുടെ അനക്സർ MA1 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (3) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി. മോളമ്മ. കെ, ആയ, പ്രിയദർശിനി ബാലവാടി, ചിങ്ങവനം, കോട്ടയം ( സെക്രട്ടറി, കോട്ടയം മുൻസിപ്പാലിറ്റി മുഖാന്തിരം)

അഡ്വക്കേറ്റ് ജനറൽ, കേരളം,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല

സെക്രട്ടറി, കോട്ടയം മുൻസിപ്പാലിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്നം. Dev-1/217/2020-Fin. തീയതി 06.10.2020 പ്രകാരം).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/154/2019-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ